പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1742

13.7.2011 ൽ മറുപടിയ്ക്ക്

ഗ്രാമീണ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി

ചോദ്യം
ശ്രീ. എം.വി. ശ്രേയാംസ് കുമാർ ;

ഉത്തരം
ശ്രീ. പി.കെ. കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി)

എ) കേരളത്തെ പ്രധാനപ്പെട്ട ഒരു ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്രകാരമെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

എ) കേരളത്തെ പ്രധാനപ്പെട്ട ഒരു ഐ.ടി. ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചി കേന്ദ്രീകരിച്ച് ഇൻഫോപാർക്ക് കൊച്ചിയും സ്മാർട്ട്സിറ്റിയും ഉൾപ്പെടുന്ന ഏകദേശം 650 ഏക്കർ സ്ഥലത്തു വ്യാപിച്ചുകിടക്കുന്ന ഒരു ബൃഹത്തായ ഐ.ടി. ഹബ് രൂപം കൊള്ളുന്നതിനുവേണ്ട നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രീകരിച്ച് ടെക്നോപാർക്ക് മൂന്നാംഘട്ട വികസനം, ടെക്നോസിറ്റി പദ്ധതി, കൊല്ലം ടെക്നോപാർക്ക് എന്നീ പദ്ധതികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. മലബാർ മേഖലയിൽ ഹബ് & സ്പോക് മോഡലിൽ കോഴിക്കോട് സൈബർപാർക്കിന്റെ കീഴിൽ കോഴിക്കോടും, കണ്ണൂരും, കാസർഗോഡും ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇതിനകം തന്നെ ആലപ്പുഴയിലെ ചേർത്തലയിലും തൃശ്ശൂരിലെ കൊരട്ടിയിലും ഐ.ടി. പാർക്കുകൾ സ്ഥാപിതമായിട്ടുണ്ട്. നിലവിലുള്ള ഐ.ടി. പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം ജില്ലാതല ഐ.ടി. പാർക്കുകൾ, ഗ്രാമീണ മേഖലയിൽ നടപ്പിലാക്കിവരുന്ന ടെക്നോലോഡ്ജ് പദ്ധതി എന്നിവയെല്ലാം കേരളത്തിന്റെ ഐ.ടി. വ്യവസായ വളർച്ചക്ക് സഹായകരമാകും.

കേരള ഐ.ടി. യുടെ ബ്രാൻഡ് ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിന് വേണ്ടി

ഐ.ടി. എക്സിബിഷനുകൾ, സെമിനാറുകൾ റോഡ് ഷോകൾ എന്നിവയിൽ പങ്കെടുക്കുകയും അതുവഴി കേരളത്തെ ലോക നിലവാരത്തിലുള്ള ഒരു ഐ.ടി. ഡെസ്റ്റിനേഷനാക്കി കൊണ്ടുവരാനും ശ്രമിക്കുന്നുണ്ട്.

ബി) ഗ്രാമീണ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടതെന്ന് വിശദമാക്കുമോ ?

ബി) അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, ജലം, വൈദ്യുതി ഇവയുടെ സുഗമമായ ലഭ്യത, നിലവാരമുള്ള ടെലിഫോൺ- ഇന്റർനെറ്റ് കണക്റ്റിവിറ്റി, മികച്ച റോഡുകൾ, അഭ്യസ്ത വിദ്യരുടെ ലഭ്യത, ഗതാഗത സൗകര്യങ്ങൾ, വിമാനത്താവളങ്ങളുടെ സാമീപ്യം ഇവ ഗ്രാമീണ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി പ്രധാനമായും ലഭ്യമായിരിക്കണം. പഞ്ചായത്തുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഗ്രാമീണ ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നത്. ഇത്തരം സ്ഥലസൗകര്യങ്ങൾ ദീർഘകാല പാട്ടത്തിന് KSITIL ന് ലഭ്യമാക്കുകയും വേണം.

സെക്ഷൻ ഓഫീസർ